# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4024**

11-11-2019 ൽ മറുപടിയ്ക്ക്

## കൊല്ലം തുറമുഖവികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.മുകേഷ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും കൊല്ലം തുറമുഖം അംഗീകൃത എൻട്രി-എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ (ഫയൽ നം 10429/ഇ 2/2014 മ. തു. വ) ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) യും (ബി) യും (സി) യും | കൊല്ലം തുറമുഖത്തെ എൻട്രി എക്സിറ്റ് പോർട്ടായി പ്രഖ്യാപിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിഗണിച്ച് ആഭ്യന്തര മന്ത്രാലയത്തിലെ ഇമിഗ്രേഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 17-01-2019 ൽ തുറമുഖം സന്ദർശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലത്ത് ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ടി നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്. |
| (ബി) ഇതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും 28.10.2016 ലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്ന പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) ഇതിനു വേണ്ട തുടർനടപടികൾ ഊർജ്ജിതമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ